(സി) പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതികാനുമതിക്കും ടെണ്ടർ നടപടികൾക്കുമുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളൂ. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചെങ്കിലും മഴ കാരണവും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള രണ്ട് പ്രവൃത്തി കളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)-നും മൂന്ന് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പുകൾക്കുമാണ്. പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിന് കീഴിലുള്ള പ്രവർത്തികൾ 2015 മാർച്ചിനുള്ളിലും പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിന് കീഴിലുള്ളവ 2015 മേയ് മാസത്തിനുള്ളിലും പൂർത്തീകരിക്കുവാൻ കഴിയും.

ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

111 (2349) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയതെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകയും പേരും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പുതിയ പെൻഷൻ പദ്ധതി

112 (T2350) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പുതിയ പെൻഷൻ പദ്ധതി ബാധകമാക്കികൊണ്ട് 16-3-2013-ൽ ഇറക്കിയ ഉത്തരവനുസരിച്ച് 2014 ഒക്ടോബർ മാസം വരെ എത്രപേർ ഈ പെൻഷൻ പരിധിയിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly